# ദൈവീകസംസർഗ്ഗത്തിൽ ആയിരിക്കുക

## സങ്കീർത്തനങ്ങൾ 40:12

മേല്പോട്ടു നോക്കുവാൻ കഴിയാതെവണ്ണം എന്റെ അകൃതങ്ങൾ എന്നെ എത്തിപ്പിടിച്ചിരിക്കുന്നു. അവ എന്റെ രോമങ്ങളിലും അധികം. ഞാൻ ധൈര്യഹീനനായി തീർന്നിരിക്കുന്നു.

സങ്കീർത്തനക്കാരനായ ദാവീദിന്റെ ധൈര്യം ക്ഷയിച്ചു എന്നാണല്ലോ നാം വായിച്ചത്. ധൈര്യഹീനനായിത്തീർന്നിരിക്കുന്നു. അതിനുള്ള കാരണവും അവൻ ഇവിടെ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. എണ്ണുവാൻ കഴിയാതെവണ്ണമുള്ള അകൃതങ്ങൾ അവനെ പിടിച്ചിരിക്കുന്നു. അവ "എന്റെ തലയിലെ രോമങ്ങളെക്കാളും അധികം" എന്നാണ് സാദൃശ്യം പറഞ്ഞിരിക്കുന്നത്.

വലിയ ഒരു ദൈവികസത്യം ഇവിടെ ദാവീദ് പഠിപ്പിക്കുന്നു. മേല്പോട്ടു നോക്കുവാൻ കഴിയാതെവണ്ണം അഥവാ ഉയരങ്ങളിൽ അധിവസിക്കുന്ന ദൈവത്തിങ്കലേക്ക് കണ്ണുകൾ ഉയർത്തുവാൻ അവൻ ഇപ്പോൾ പരാജയപ്പെട്ടുപോകുന്നു. യെശയ്യാവ് 59:2 ൽ പറയുന്നു "നിങ്ങളുടെ അകൃതങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത." പാപങ്ങളും അകൃതങ്ങളും ചെയ്യുമ്പോൾ ഒരുവൻ ദൈവിക സംസർഗ്ഗത്തിൽ നിന്നും അകലുന്നു.

ദൈവികസംസർഗ്ഗത്തിലും കൂട്ടായ്മയിലും ജീവിക്കുവാൻ നമ്മെ വിളിച്ചവനായ ദൈവത്തെ കാണാതെവണ്ണം കാഴ്ച മങ്ങിയ ഒരനുഭവം. അതാണല്ലോ ദാവീദും ഇവിടെ പറയുന്നത്. ദൈവസാന്നിധ്യത്തിന്റെ കുറവ്, തീർച്ചയായും ദൈവപൈതലിന്റെ ധൈര്യം ക്ഷയിപ്പിക്കും. ഏതുസമയത്തും കൃപാസനത്തിങ്കൽ ഓടിവന്ന് ധൈര്യത്തോടെ ദൈവത്തിന്റെ കരുണയ്ക്കും കൃപയ്ക്കുമായി യാചിപ്പാൻ ദൈവം അധികാരം തന്നിരിക്കുന്നു. എന്നാൽ പലപ്പോഴും അറിഞ്ഞോ അറിയാതെയോ ജീവിതത്തിന്റെ ബലഹീനതകളിലും പാപങ്ങളിലും വീണുപോയി. ഈ ഭാഗ്യാവസ്ഥ മറന്നുപോകുന്നവരാണ് നാം. അതേ ദൈവസന്നിധിയിൽ ചെല്ലുവാനും, കാര്യങ്ങൾ തുറന്നു പറയുവാനും അവനുമായി സമ്പർക്കം പുലർത്തുവാനുമുള്ള പ്രാഗൽഭ്യം പാപംമൂലം ഇല്ലാതെയായിത്തീരും. ദൈവത്തെ അഭിമുഖീകരിക്കാൻ വിമുഖനായിത്തീരുന്നു. ദൈവിക കൂട്ടായ്മ ബലഹീനപ്പെടുമ്പോൾ സഹോദരങ്ങളുമായുള്ള കൂട്ടായ്മയെയും ഇത് ബാധിക്കുന്നു. ബന്ധങ്ങളിൽ ഇടപാടുകളിൽ എല്ലാം കാഴ്ച മങ്ങിയതും ധൈര്യം ക്ഷയിച്ചതുമായ ഒരു അനുഭവം ഉണ്ടാകും.

ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ ആകുന്നു. അതേ "യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ" എന്ന് വചനം പഠിപ്പിക്കുന്നു. അതേ പ്രിയരേ, പാപം അത് ചെറുതോ വലുതോ എന്നില്ല. അവ നമ്മുടെ വിശുദ്ധിയുടെ വേലി പൊളിച്ചുമാറ്റും. പിശാചിന് സ്വയം ഏല്പിച്ചു കൊടുക്കുന്ന ഒരു അനുഭവം ആകും. ചെറിയ വീഴ്ച വലിയ വീഴ്ചയിലേക്ക് നമ്മെ നയിക്കും. ഏതിൽ ബലഹീനനെന്നും, വീണുപോയെന്നും നമുക്ക് ഹൃദയംകൊണ്ട് മനസ്സിലാക്കാൻ കഴിയും. അതേ ഉടനടി ഏറ്റുപറഞ്ഞ് അപേക്ഷിക്കാം. വിശ്വാസിയെ ബല ഹീനനാക്കുന്ന, ആത്മബലം ക്ഷയിപ്പിക്കുന്ന യാതൊരു കാര്യത്തിനും വിട്ടുവീഴ്ചക്ക് അനുവദിക്കാൻ ഹൃദയത്തെ വിട്ടുകൊടുക്കരുത്. ദൈവത്തിന്റെ അമിതബലം അതിനു കൂടിയേ തീരൂ. ആത്മാവിൽ കപടം ഇല്ലാതിരിക്കുന്ന ഒരു ഭാഗ്യവാനായി അന്ത്യത്തോളം അവന്റെ കൈയ്യിൽ ആയിരിക്കാൻ ഏല്പിച്ചുകൊടുക്കാം. മേല്പോട്ടു നോക്കുവാൻ ഏതു സമയത്തും നമുക്കു കഴിയണം. അവന്റെ പക്കൽ നിന്നുള്ള പ്രകാശം ജീവിതത്തിന്റെ ഇരുളടഞ്ഞതായ മേഖലകളിൽ നിമിഷംതോറും, ദിനംതോറും വീശുവാൻ സഹായിക്ക ണമേ എന്ന പ്രാർത്ഥന ആയിരിക്കും. ധൈര്യത്തോടെ, ഉറപ്പോടെ, പ്രാഗൽഭ്യത്തോടെ ദൈവികസംസർഗ്ഗത്തിലേക്ക് നമുക്ക് ഓടി അടുക്കാം.

പരാമർശം :

സങ്കീർത്തനങ്ങൾ 90:14

കാലത്തു തന്നേ ഞങ്ങളെ നിന്റെ ദയകൊണ്ടു തൃപ്തരാക്കേണമേ; എന്നാൽ ഞങ്ങളുടെ ആയുഷ്കാലമൊക്കെയും ഞങ്ങൾ ഘോഷിച്ചാനന്ദിക്കും.

വിലാപങ്ങൾ 3:22-23

നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ; അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്തത വലിയതും ആകുന്നു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 093